(ഡി) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി 2008-09 മുതൽ ആറ് വർഷമായി തുടർന്നുവരുന്നു. സമ്പൂർണ കായികക്ഷമതാ പദ്ധതി പരിശോധനാ പരിപാടിയിൽ മികച്ച വിജയം കാഴ്ചവച്ച കേരളത്തിലെ 14 ജില്ലകളിലേയും ഒരോ സ്കൂളുകൾക്കും ആൺകുട്ടികളുടെ വിഭാഗത്തിനും പെൺകുട്ടികളുടെ വിഭാഗത്തിനും 10,000 രൂപ വീതം ക്യാഷ് അവാർഡും 100% വിജയം കൈവരിച്ച ജില്ലകളിലെ കോ-ഓർഡിനേറ്റർമാർക്ക് 5,000 രൂപ വീതം ക്യാഷ് അവാർഡും നൽകിവരുന്നു. കൂടാതെ, ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടക്കുന്ന രണ്ടാംഘട്ട പരിശോധന പരിപാടിയിൽ 'എ' ഗ്രേഡ് കരസ്ഥമാക്കുന്ന എല്ലാ കുട്ടികൾക്കും 500 രൂപ വീതം ക്യാഷ് അവാർഡും നൽകിവരുന്നുണ്ട്. 2013-14, 2015-16 വർഷങ്ങളിൽ കായിക ക്ഷമത പരിശോധന പരിപാടികൾ നടക്കുകയുണ്ടായില്ല.

വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്നതിനെതിരെ നടപടി

9 (*8) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്ന മാനേജ്മെന്റുകൾക്കും തട്ടിപ്പ് സംഘങ്ങൾക്കുമെതിരെ നിയമനടപടി കൈക്കൊള്ളാൻ തയ്യാറാകുമോ ;

(സി) പ്രവേശനത്തിന് കോഴയും ക്യാപ്പിറ്റേഷൻ ഫീസും വാങ്ങുന്നതിനെ നിയന്ത്രിക്കാനും ഇത്തരക്കാരെ കണ്ടുപിടിച്ച് ശിക്ഷിക്കാനും നിലവിൽ പ്രത്യേക സംവിധാനം ഉണ്ടോ : വിജിലൻസ് വകുപ്പ് ഈ പ്രശ്നത്തിൽ സ്വമേധയാ നടപടി സ്വീകരിക്കാറുണ്ടോ ;

(ഡി) പത്ത് കോടിയോളം രൂപയുടെ അഡ്മിഷൻ തട്ടിപ്പ് നടത്തിയ ആദിത്യാ ഇൻസ്റ്റിറ്റ്യൂട്ടിനെതിരെ സ്വീകരിച്ചനടപടികൾ വിശദമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഉണ്ട്.

(ബി) വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്ന മാനേജ്മെന്റുകൾക്കും തട്ടിപ്പ് സംഘങ്ങൾക്കുമെതിരെ പരാതി ലഭിച്ചാൽ നിലവിലുള്ള നിയമങ്ങളനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ ഫീസ് നിശ്ചയിക്കുന്നതിനും അതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനുമായി ഉന്നത വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ അഡ്മിഷൻ സൂപ്പർ വൈസറിംഗ് കമ്മിറ്റി, ഫീ റഗുലേറ്ററി കമ്മിറ്റി എന്നീ കമ്മിറ്റികൾ നിലവിലുണ്ട്. പ്രസ്തുത വിഷയത്തിൽ വിജിലൻസ് വകുപ്പ് സ്വമേധയാ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ഡി) പ്രൊഫഷണൽ കോളേജുകളിൽ സീറ്റ് വാഗ്ദാനം നൽകി തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് ആദിത്യ ഇൻസ്റ്റിറ്റ്യൂട്ടിനെതിരെ എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ 20 കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചു വരുന്നു. ജയേഷ് ജെ. ജയകുമാർ എന്ന വ്യക്തിക്കെതിരെയാണ് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. കേസിന്റെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

നീര ഉൽപ്പാദന വിതരണ നിയന്ത്രണ സംവിധാനം

10 (*9) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നീരയുടെ ഉൽപ്പാദനത്തിനും വിതരണത്തിനും എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നീരയുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി നിയമങ്ങളിൽ മാറ്റം വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) നീരയുടെ ഉൽപ്പാദനവും വിതരണവും നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഭരണതലത്തിൽ എന്തെങ്കിലും സംവിധാനം ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ : വിശദമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ബാബു) :

(എ) ഉണ്ട്. സംസ്ഥാനത്ത് നിലവിൽ നീര ഉൽപ്പാദിപ്പിക്കുന്നതിനായി നാളികേര വികസന ബോർഡിന്റെ അംഗീകാരമുള്ള നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇത്തരത്തിൽ 173 നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly